പോയതിന് കാരണം വെളിപ്പെടുത്തുമോ ; ഭരണാനുമതി ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വണ്ടിപ്പെരിയാർ-പ്ലാപ്പള്ളി റോഡ് 71 കി. മീറ്റർ നീളം ഉള്ളതാണ് ആങ്ങാമൂഴി മുതൽ പച്ചക്കാനം വരെയുള്ള 63.581 കി. മീ.നീളം റോഡ് കെ.എസ്.ഇ.ബി. യുടെ അധീനതയിലാണ്. ഇത് പൊതുമരാമത്ത് വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല.

സുൽത്താൻ ബത്തേരി വില്ലേജ് ഓഫീസിനു സമീപമുള്ള പുറമ്പോക്ക് സ്ഥലം

173 (3050) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻ ബത്തേരി വില്ലേജ് ഓഫീസിനു സമീപമുള്ള പി.ഡബ്ലിയു.ഡി. വക പുറമ്പോക്ക് സ്ഥലം മുൻപ് പ്രസ്തുത സ്ഥലത്ത് ചായക്കച്ചവടം നടത്തിയ ആളിൽനിന്നും ഒഴിപ്പിച്ചെടുത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വേലികെട്ടി സംരക്ഷിച്ചിരുന്ന പ്രസ്തുത സ്ഥലം ഇപ്പോൾ ഒരു സ്വകാര്യ വ്യക്തി വേലി പൊളിച്ചുമാറ്റി കൈവശപ്പെടുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പി. ഡബ്ലിയു. ഡി. ഓഫീസിനു സമീപമുള്ള പ്രസ്തുത സ്ഥലം എത്രയും പെട്ടെന്ന് വേലി കെട്ടി സംരക്ഷിക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പരിശോധിക്കുന്നതാണ്.

റോഡിന്റേയും പാലത്തിന്റേയും പണി നബാർഡു പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

174 (3051) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം ബസാർ-മുട്ടം റോഡിലുള്ള ബസാർ പാലത്തിന്റേയും അനുബന്ധ റോഡുകളുടേയും പണി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യിക്കാൻ മരാമത്ത് വകുപ്പിന് നിർദ്ദേശം നൽകുമോ ;

(ബി) ദേവികുളങ്ങര കുട്ടുംവാതുക്കൽ -മാഞ്ഞാലിപ്പുറം കടവ് പാലവും റോഡും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ മരാമത്ത് വകുപ്പിന് നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) പ്രസ്തുത റോഡുകളും പാലങ്ങളും അടുത്ത കൊല്ലം നബാർഡിന് നൽകുന്ന പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

കോന്നി നിയോജകമണ്ഡലത്തിലെ അതിരുങ്കൽ അഞ്ചുമുക്ക് റോഡ് ഗതാഗതയോഗ്യമാക്കണമെന്ന ആവശ്യം

175 (3052) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിലെ അതിരുങ്കൽ അഞ്ചുമുക്ക് റോഡ് ഗതാഗതയോഗ്യമാക്കാനായി അവസാനമായി ടെൻഡർ വിളിച്ച് പണി തുടങ്ങിയതെന്നാണെന്നും, ആർക്കാണ് പണി നടത്താൻ അനുമതി നൽകിയതെന്നും വ്യക്തമാക്കാമോ ;

(ബി) ഈ റോഡിന്റെ പണി പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ ;

(സി) ഇപ്പോൾ ഈ റോഡിന്റെ അവസ്ഥ എന്താണ് ;

(ഡി) ഈ റോഡ് ഗതാഗതയോഗ്യമാക്കാനായി വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു തുക ഏതേതു വർഷങ്ങളിൽ അനുവദിച്ചു എന്നും പ്രസ്തുത തുക വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ഇ) ഈ റോഡ് ഗതാഗതയോഗ്യമാക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(എഫ്) ഈ റോഡ് എത്രയുംവേഗം പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കാനാവശ്യമായ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) പ്രസ്തുത റോഡ് പി. ഡബ്ലിയു. ഡി. യുടെ അധീനതയിൽ അല്ല.

(ബി-എഫ്) ബാധകമല്ല.

കണ്ണൂർ-കക്കാട് -പുഴാതി റോഡിന്റെ ശോചനീയാവസ്ഥ

176 (3053) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ-കക്കാട്-പുഴാതി റോഡ് കാലവർഷക്കെടുതിമൂലം തകർന്നുകിടക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡിൽ മെറ്റലിംഗ്, ടാറിംഗ് ജോലികൾ ചെയ്തിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കാമോ ;

(സി) റോഡ് പുതുക്കി പണിയുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly